# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 538 | 29.05.2019-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ജി.എസ്.ടി. റീഫണ്ട് അപേക്ഷകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.വി. ഇബ്രാഹിം : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി. റീഫണ്ടിനായി സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചാൽ നാൽപത് ദിവസത്തിനകം റീഫണ്ട് നൽകണമെന്ന വ്യവസ്ഥയുണ്ടായിട്ടും ആയത് നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | റീഫണ്ടിന് അർഹതയുണ്ടെന്ന് തെളിയിക്കുവാൻ ആവശ്യമായ രേഖകൾ കൃത്യമായി സമർപ്പിച്ചിട്ടുള്ള കേസുകളിൽ കാലതാമസം കൂടാതെ റീഫണ്ട് നൽകുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ രേഖകൾ സമർപ്പിക്കാതിരിക്കുകയോ, സമർപ്പിച്ച രേഖകളിൽ വ്യക്തതക്കുറവോ സംശയമോ ഉണ്ടാകുന്ന കേസുകളിൽ രേഖകളുടെ ആധികാരികത തെളിയിക്കുന്നതുവരെ കാലതാമസം വരാറുണ്ട്. |
| (ബി) | യഥാസമയം റീഫണ്ട് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് പലിശ നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ഇനത്തിൽ എത്ര രൂപ പലിശ നൽകിയെന്ന് അറിയിക്കാമോ; | (ബി) | റീഫണ്ടിനു അർഹതയുണ്ടെന്ന് തെളിയിക്കുവാനാവശ്യമായ കൃത്യവും വിശ്വാസനീയവുമായ രേഖകൾ സഹിതം സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും സമയബന്ധിതമായി തീർപ്പുകൽപ്പിക്കപ്പെട്ടിട്ടുള്ളതിനാൽ പലിശ നൽകേണ്ട സാഹചര്യം ഇതുവരെയുണ്ടായിട്ടില്ല. |
| (സി) | യഥാസമയം റീഫണ്ടിന് അപേക്ഷ സമർപ്പിച്ച എത്ര സ്ഥാപനങ്ങൾക്ക് എത്ര രൂപ റീഫണ്ട് നല്കാനുണ്ടെന്ന് അറിയിക്കാമോ? | (സി) | യഥാസമയം ലഭിച്ച 222 അപേക്ഷകളിലായി 37.07 കോടി രൂപ റീഫണ്ട് നൽകാനുണ്ട്. ഈ അപേക്ഷകൾ റീഫണ്ടിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധി കഴിഞ്ഞുപോയിട്ടുള്ളവ അല്ല. |

Dabcul

**സെക്ഷൻ ഓഫീസർ**